## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 240 01.12.2014-ൽ മറുപടിയ്ക്ക്

### കോഴിക്കോട് കുറ്റ്യാടി - നാദാപുരം പാതയിലെ ഗതാഗത പ്രശ്നങ്ങൾ

| ചോദ്യം<br>ശ്രീ. ഇ.കെ വിജയൻ | മറുപടി<br>ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
|---|---|
| (എ) കോഴിക്കോട് കുറ്റ്യാടി - നാദാപുരം സംസ്ഥാന പാതയിൽ അപകടങ്ങൾ പതിവാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ അതിന്റെ കാരണങ്ങളെക്കുറിച്ച് വിശദമായ പരിശോധന നടത്തിയിട്ടുണ്ടോ; കണ്ടെത്തലുകൾ വിശദമാക്കാമോ ; | (ബി) പരിശോധന നടത്തിയിട്ടുണ്ട്. അശ്രദ്ധമായും അമിത വേഗതയിലും വാഹനം ഓടിക്കുന്നതാണ് അപകടങ്ങൾ സംഭവിക്കുന്നതിന്റെ പ്രധാന കാരണമെന്ന് കണ്ടെത്തിയിട്ടുണ്ട്. |
| (സി) ഇത്തരം അപകടങ്ങൾ ഇല്ലാതാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ ; | (സി) വാഹനങ്ങളുടെ അമിത വേഗതയും മറ്റും തടയാൻ മോട്ടോർ വാഹന വകുപ്പും പോലീസും ചേർന്ന് വാഹന പരിശോധന നടത്തി വരുന്നുണ്ട്. കൂടാതെ, കുറ്റ്യാടി - നാദാപുരം സംസ്ഥാന പാതയിൽ പോലീസ് കർശനമായ പട്രോളിങ്ങും, വാഹന പരിശോധനയും നടത്തി വരുന്നു. പ്രസ്തുത പാതയിലെ അപകടകരമായ സ്ഥലങ്ങളിൽ ഹംപുകളും മറ്റും |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കാൻ പി.ഡബ്ല്യൂ.ഡി അധികൃതർക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്. |
| (ഡി) | ട്രാഫിക്ക് സിഗ്നൽ ഉൾപ്പെടെയുള്ള നിയന്ത്രണ സംവിധാനങ്ങൾ പ്രസ്തുത റോഡിൽ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ? | (ഡി) | നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ